# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 579 — 28.09.2011-ൽ മറുപടിക്ക്

## കുട്ടികളിലെ ദന്ത-വദന രോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ :<br>ശ്രീമതി.കെ.കെ.ലതിക :<br>ശ്രീ.ജെയിംസ് മാത്യു :<br>ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) കുട്ടികളിൽ ദന്ത-വദന രോഗങ്ങൾ വർദ്ധിച്ചുവരുന്നതായ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളിൽ കണ്ടുവരുന്ന ദന്തക്ഷയം (Dental Caries) ആണ് ദന്താരോഗ്യ പ്രശ്നങ്ങളിൽ പ്രധാനമായിട്ടുള്ളത്. ദന്തക്ഷയത്തെ തുടർന്നുണ്ടാകുന്ന പല്ലുവേദന, നീർവീക്കം മുതലായവ ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്. ഇത് ആരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ നൽകിയാൽ ഈ രോഗം എളുപ്പം ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്നതും ഒഴിവാക്കാൻ കഴിയുന്നതുമാണ്. കുട്ടികളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ദന്തക്ഷയം പ്രതിരോധിക്കാൻ കഴിയുന്ന ഒന്നാണ്.<br>പുകയില, പാൻപരാഗ്, ചിലതരം വാസനപാക്കുകൾ എന്നിവയുടെ തുടർച്ചയായ ഉപഭോഗം മൂലം ദന്തശോഷണവും വ്രണങ്ങൾ ഉണ്ടാകുവാനുള്ള സാധ്യതയും കൂടുതലാണ്. പാൻപരാഗിൽ അടങ്ങിയിരിക്കുന്ന സ്ഫടിക കണങ്ങൾ ദന്തശോഷണവും വ്രണങ്ങളും ഉണ്ടാക്കി മറ്റ് പ്രത്യാഘാതങ്ങളിലേയ്ക്ക് നയിക്കുന്നു. അതിനാൽ സ്കൂൾതല ബോധവൽക്കരണ പരിപാടികളിലൂടെ മാത്രമേ കുട്ടികളെ ഈ വിപത്തിൽ നിന്നും രക്ഷിക്കാനാവൂ.<br>ഇതിനു പുറമേ നിരതെറ്റിയുള്ള പല്ലുകൾ (Dental Malocclusion) ഉന്തിയ പല്ലുകൾ (Dental Proclination) എന്നിവയും ദന്തരോഗത്തിന് കാരണമാകുന്നുണ്ട്. ഈ വൈകല്യം മുഖ സൗന്ദര്യത്തെ ബാധിക്കുന്നതിനാൽ ഇതിനുള്ള ചികിത്സയും പ്രാധാന്യം അർഹിക്കുന്നു. |
| (ബി) ലോകാരോഗ്യ സംഘടന ഇത് സംബന്ധിച്ച് കേരളത്തിൽ സർവ്വേ നടത്തിയതായി അറിയാമോ ; എങ്കിൽ സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ; | (ബി) ലോകാരോഗ്യ സംഘടനയ്ക്കുവേണ്ടി അവർ നിയമിച്ച നോഡൽ ഏജൻസിയായ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ 2002-03-ൽ ഒരു സർവ്വേ കേരളത്തിൽ നടത്തിയിട്ടുണ്ട്. 155 പേജുകൾ ഉള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് റഫറൻസിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

| | |
|---|---|
| ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ടുക്കപ്പെട്ട സ്കൂളുകളിൽ ദന്ത സംരക്ഷണത്തിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകളും സ്ക്രീനിംഗും സമീപത്തുള്ള ആശുപത്രികളിൽ നിന്ന് ചികിത്സയും ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ വർഷംതോറും നടത്തിവരുന്നു. ഈ വർഷവും സ്കൂൾ ഡെന്റൽ കാംപ്സ് നടത്തുന്നതിലേയ്ക്കായി 14 ജില്ലകൾക്കുമായി 5.18 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ നവീകരിച്ച സ്കൂൾ ഹെൽത്ത് പ്രോഗ്രാം (എൻ.ആർ.എച്ച്.എം) വഴിയും 2009 മുതൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി ബോധവൽക്കരണവും ചികിത്സാ നിർദ്ദേശങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ